**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4686** **19-03-2025 - ൽ മറുപടിയ്ക്ക്**

**വെണ്മണി വില്ലേജിൽ വരട്ടാർ നദിക്ക് കുറുകെയായുള്ള ബണ്ട് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വെണ്മണി വില്ലേജിൽ വരട്ടാർ നദിക്ക് കുറുകെയായുള്ള ബണ്ടിന്റെ നിർമ്മാണത്തിലെ അശാസ്ത്രീയത പ്രദേശവാസികൾക്ക് പ്രതിസന്ധി സൃഷ്ടിക്കുന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | വെൺമണി പഞ്ചായത്തിലെ പുത്താറ്റിൻകര ഭാഗത്തു അച്ചൻകോവിലാറ്റിൽ നിന്നും ഏകദേശം 30 മീറ്റർ മാറി സ്ഥിതി ചെയ്യുന്ന കരിങ്കൽ ബണ്ട് 40 വർഷം മുൻപ് നിർമ്മിച്ചിട്ടുള്ളതാണെന്നു പ്രദേശവാസികൾ അഭിപ്രായപ്പെടുന്നുണ്ടെങ്കിലും ആയതു ഏതു ഡിപ്പാർട്ട്മെന്റ് മുഖേന നിർമ്മിച്ചിട്ടുള്ളതാണെന്നും ആയതിന്റെ കാലപ്പഴക്കം സംബന്ധിച്ചുള്ള വിശദാംശങ്ങൾ ജലസേചന വകുപ്പിന്റെ രേഖകൾ പരിശോധിച്ചതിൽ നിന്നും ലഭ്യമല്ല. ഏകദേശം 20 മീറ്റർ നീളത്തിൽ പണി കഴിപ്പിച്ചിട്ടുള്ളതും ബണ്ടിന്റെ മുകൾ ഭാഗത്തു 4 മീറ്റർ വീതിയിലും 2 മീറ്റർ ഉയരത്തിലുമായി സ്ഥിതി ചെയ്യുന്ന ടി ബണ്ട് അച്ചൻകോവിലാറ്റിലെ ജലനിരപ്പിൽ നിന്നും ഏകദേശം 6 - 7 മീറ്റർ ഉയരത്തിൽ സ്ഥിതി ചെയ്യുന്നു. പ്രസ്തുത ബണ്ടിന്റെ നിർമ്മാണത്തിലെ അശാസ്ത്രീയത സംബന്ധിച്ച് നാളിതുവരെയും പരാതികൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത വിഷയത്തിൽ സർക്കാർ കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ; | (ബി) | ബാധകമല്ല. |
| (സി) | ഗൗരവമായ ഇടപെടൽ നടത്തി പ്രശ്ന പരിഹാരത്തിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ